**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 180** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിൽ ആധുനിക ചികിത്സാ ഉപകരണങ്ങൾ സ്ഥാപിയ്ക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എസ്. സുപാൽ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** വിവിധ ജില്ലകളിലായി ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് നിലവിൽ കാത്ത് ലാബ് സ്ഥാപിച്ചിട്ടുള്ളതെന്ന വിവരം അറിയിക്കാമോ; ആശുപത്രികളുടെയും സ്ഥാപിച്ച ഏജൻസികളുടെയും വിവരങ്ങളും, ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ജില്ലകളിലെ ആശുപത്രികളിലെ കാത്ത് ലാബ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.

**(ബി)** സംസ്ഥാനത്തെ ഏതെങ്കിലും താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ജില്ലകളിലെ ആശുപത്രികളിലെ കാത്ത് ലാബ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.

**(സി)** ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ എം. ആർ. ഐ. ഉൾപ്പെടെയുള്ള ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ; ആശുപത്രികളുടെയും സ്ഥാപിച്ച ഏജൻസികളുടെയും വിവരങ്ങൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ആരോഗ്യ വകുപ്പിനു കീഴിലെ ആശുപത്രികളിൽ എം. ആർ. ഐ. ഉൾപ്പെടെയുള്ള ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ജില്ലകളിലെ ആശുപത്രികളിലെ കാത്ത് ലാബ് സംബന്ധിച്ച വിവരം

| ക്രമ നം. | ജില്ല | സ്ഥാപനത്തിന്റെ പേര് | നിലവിലെ സ്ഥിതി | പ്രവർത്തനം ആരംഭിച്ച തീയതി /കാലയളവ് | നിർവ്വഹണ /സ്ഥാപിച്ച ഏജൻസി | ചെലവ ഴിച്ച തുക |
|---|---|---|---|---|---|---|
| 1 | മലപ്പുറം | ഗവ. ജനറൽ ആശുപത്രി, മഞ്ചേരി | പ്രവർത്തനത്തിൽ | 26.06.2019 | KMSCL (KIIFB) | 8.00 കോടി |
| 2 | പാലക്കാട് | ജില്ലാ ആശുപത്രി, പാലക്കാട് | പ്രവർത്തനത്തിൽ | 10.12.2014 | ജില്ലാ പഞ്ചായ ത്ത് | 4,62,24, 054 |
| 3 | തിരുവനന്തപു രം | ജനറൽ ആശുപത്രി, തിരുവനന്തപുരം | പ്രവർത്തനത്തിൽ | 04.03.2020 | KMSCL Plan Fund Savings) | 4.50 കോടി |
| 4 | കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ | പ്രവർത്തനത്തിൽ | 01.02.2022 | HLL( KIIFB) | 8 കോടി |
| 5 | എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം | പ്രവർത്തനത്തിൽ | 20.06.2016 | KMSCL; Super Speciality B;lock 0 INKEL (KIFFB) | 5.00 കോടി( Cath Lab) |
| 6 | വയനാട് | ജില്ലാ ആശുപത്രി, മാനന്തവാടി | പ്രവർത്തനത്തിൽ | 25.03.2024 | KHRWS | 6.73 കോടി |
| 7 | കോഴിക്കോട് | ജനറൽ ആശുപത്രി, കോഴിക്കോട് | പ്രവർത്തനത്തിൽ | 16.04.2021 | Civil Work - KHRWS; Equipment - GE electricals | 11.00 കോടി |
| 8 | തൃശ്ശൂർ | ജനറൽ ആശുപത്രി, തൃശ്ശൂർ | പ്രവർത്തനത്തിൽ | 20.04.2022 | KMSCL (KIIFB) - Wipro GE, HLL | 8.00 കോടി |
| 9 | കാസർഗോഡ ് | ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് | പ്രവർത്തനത്തിൽ | 14.12.2022 | KMSCL (KIIFB) | 8.00 കോടി |
| 10 | കോട്ടയം | ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി | പ്രവർത്തനത്തിൽ | 16.02.2021 | KMSCL (KIIFB) - Wipro GE | 8.50 കോടി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | Healthcare Pvt. Ltd. | |
| 11 | പത്തനംതിട്ട | ജനറൽ ആശുപത്രി, പത്തനംതിട്ട | പ്രവർത്തനത്തിൽ | 26.01.2019 | KMSCL | 8.00 കോടി |
| 12 | കൊല്ലം | ജനറൽ ആശുപത്രി, കൊല്ലം | പ്രവർത്തനത്തിൽ | 01.04.2019 | KMSCL (KIIFB) | 5.00 കോടി |
| 13 | ആലപ്പുഴ | ജനറൽ ആശുപത്രി, ആലപ്പുഴ | പ്രവർത്തനം ആരംഭിച്ചിട്ടില്ല. | – | – | – |

## നിലവിൽ കാത്ത് ലാബ് സ്ഥാപിച്ചിട്ടുള്ള മെഡിക്കൽ കോളേജുകളുടെ വിവരം

### 1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.എസ് കാത്ത് ലാബ് 7.38 കോടി ചിലവഴിച്ച് കേരള ഹാർട്ട് ഫൌണ്ടേഷൻ ആണ് സ്ഥാപിച്ചത്. കെ.എച്ച്.അർ.ഡബ്ല്യു.എസ് കാത്ത് ലാബ് 6.76 കോടി ചിലവഴിച്ച് കെ.എച്ച്.അർ.ഡബ്ല്യു.എസ് ആണ് സ്ഥാപിച്ചത്. മൂന്നാമത് കാത്ത് ലാബ് 5.15 കോടി ചിലവഴിച്ച് കെ.എം.എസ്.സി.എൽ മുഖേനയാണ് സ്ഥാപിച്ചത്. നാലാമത് കാത്ത് ലാബ് (റേഡിയോ ഡയഗ്നോസിസ് –ഡിഎസ്എ മെഷീൻ) 4,41,72,398 രൂപ ചിലവഴിച്ച് കെ.എം.എസ്.സി.എൽ മുഖേനയാണ് സ്ഥാപിച്ചത്. കൂടാതെ കുട്ടികൾക്ക് വേണ്ടിയുള്ള ഒഎയ്ടിക് കാത്ത് ലാബ് 2017 ൽ കെ.എം.എസ്.സി.എൽ മുഖേനയാണ് സ്ഥാപിച്ചത്. ആയതിനായി 3,59,26,347/– രൂപ ചിലവഴിച്ചു.

### 2. സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബിന്റെ പ്രവർത്തനത്തിനായി കിഫ്ബിയിൽ നിന്നും 8,00,00,000/– രൂപ അനുവദിച്ച് കെ.എം.എസ്.സി.എൽ  മുഖേന പൂർത്തിയാക്കി, പ്രവർത്തനം നടന്നുവരുന്നു.

### 3. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2 കാത്ത് ലാബുകൾ നിലവിലുണ്ട്.ആദ്യത്തേത് 2019 ൽ വിപ്രോ ജി ഇ എന്ന സ്ഥാപനം വഴി 3,90,48,246/– രൂപ ചിലവഴിച്ച് സ്ഥാപിച്ചതും. രണ്ടാമത്തേത് കെ.എം.എസ്.സി.എൽ മുഖാന്തിരം ഫിലിപ്പ്സ് എന്ന സ്ഥാപനം 2025 ൽ സ്ഥാപിച്ചതും. ചിലവഴിച്ച തുക 7,76,98,174 രൂപ.

### 4. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ സീമെൻസ്, ചെന്നൈ എന്ന സ്ഥാപനം വഴി 2011 ൽ 3,63,50,000/- രൂപ ചിലവഴിച്ച് കാത്ത് ലാബ് സ്ഥാപിച്ചു. കൂടാതെ ടി കോളേജിൽ പിഎംഎസ്എസ് വൈ പദ്ധതിയുടെ കീഴിൽ ഒരു ബൈ പ്ലെയ്ൻ ഡിഎസ്എ കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട് .ടി ഉപകരണത്തിന്റെ ചുമതല എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിന്റെ ഉപസ്ഥാപനമായ ഹൈറ്റ്സ് ആണ്. ചിലവഴിച്ച തുക 2,45,86,577 രൂപയാണ്.

5. **<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>**

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി ഇടുക്കി ഡവലപ്പ് മെന്റ് പാക്കേജിൽ 10,29,95,439 രൂപ അനുവദിക്കുകയും, പ്രസ്തുത തുക ടി ലാബ് സ്ഥാപിക്കുന്നതിനായി കെ.എം.എസ്.സി.എൽ ന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയത് നൽകിയിട്ടുണ്ട്.

6. **<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 2019 ൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കാത്ത് ലാബ് സ്ഥാപിച്ചു. കെ.എം.എസ്.സി.എൽ വഴിയാണ് സ്ഥാപിച്ചത്. ചിലവഴിച്ച തുക 3,55,07,855 രൂപയാണ്.

7. **<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ കെ.എം.എസ്.സി.എൽ വഴി സീമെൻസ് ഹെൽത്ത് കെയർ എന്ന സ്ഥാപനമാണ് കാത്ത് ലാബ് സ്ഥാപിച്ചത്. ഇതിനായി 13,93,26,000/- രൂപ ചിലവഴിച്ചു.

8. **<u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി.</u>**

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ വഴിയാണ് കാത്ത് ലാബ് സ്ഥാപിച്ചത്. ഇതിനായി 8 കോടി രൂപ ചിലവഴിച്ചു.

9. **<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് .</u>**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 2 കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. ഒന്നാമത്തേത് 2.5 കോടി രൂപ ചിലവഴിച്ച് ഫിലിപ്സ് അല്ലുറ എന്ന സ്ഥാപനമാണ് സ്ഥാപിച്ചത്. രണ്ടാമത്തേത് 4,53,10,183/- രൂപ

ചിലവഴിച്ച് സീമെൻസ് ഹെൽത്ത് കെയർ എന്ന സ്ഥാപനമാണ് സ്ഥാപിച്ചത്.

10. **<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>**

കെ.എം.എസ്.സി.എൽ, കെഎംഎസ്സിഎൽ, കെ.എച്ച്. =അർ.ഡബ്ല്യൂ.എസ് എന്നീ സ്ഥാപനങ്ങൾ വഴിയാണ് സ്ഥാപിച്ചത്. ഇതിനായി 6,73,42,200/- രൂപ ചിലവഴിച്ചു.

11. **<u>സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ</u>**

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 3 കാത്ത് ലാബുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട് . അതിൽ 2 എണ്ണം നിലവിൽ പ്രവർത്തിക്കുന്നു. അതിൽ 02/03/2019 ന് ടി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിന് ശേഷം വിപ്രോ ജിഇ ഹെൽത്ത് കെയർ എന്ന സ്ഥാപനം മുഖാന്തിരം 5,43,67,070/- രൂപ ചിലവഴിച്ച് പുതിയത് സ്ഥാപിച്ചു.